## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4657.** **13.11.2019 ൽ മറുപടിയ്ക്ക്**

### ഇതരസംസ്ഥാന തൊഴിലാളികളുടെ ക്യാമ്പുകളിൽ ലഹരി മാഫിയയുടെ സാന്നിദ്ധ്യം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.സി.ജോസഫ് | | ശ്രീ.ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ഇതരസംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന ക്യാമ്പുകളിൽ ലഹരി മാഫിയയുടെ സാന്നിദ്ധ്യം കണ്ടെത്തിയിട്ടുണ്ടോ; | (എ) | കണ്ടെത്തിയിട്ടില്ല |
| (ബി) | പ്രസ്തുത ക്യാമ്പുകളിൽ സംസ്ഥാനത്ത് നിരോധിച്ച പാൻപരാഗ്, ഹാൻസ് ഉൾപ്പെടെയുള്ളവ സുലഭമാണെന്നത് ഇക്കാര്യത്തിൽ വകുപ്പ് വേണ്ടത്ര ജാഗ്രത പുലർത്താത്തത് കാരണമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; | (ബി) യും (സി) | നിരോധിത പുകയില ഉത്പന്നങ്ങൾ ഉപയോഗിക്കുന്നതായി വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ എക്സൈസ് വകുപ്പ് ഇതര സംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന ക്യാമ്പുകളിൽ രഹസ്യ പരിശോധനകൾ നടത്തുകയും ലഹരിയുടെ സാന്നിദ്ധ്യം ഇല്ലാതാക്കുന്നതിനും നിയമവിരുദ്ധ പ്രവർത്തനങ്ങൾ അവസാനിപ്പിക്കുന്നതിനുമായി രഹസ്യ നിരീക്ഷണങ്ങളും പരിശോധനകളും നടത്തുകയും ചെയ്യുന്നുണ്ട്.<br>ലഹരിയുടെ ഉറവിടം കണ്ടെത്തി അവ നശിപ്പിക്കുന്നതിനായി ടി ക്യാമ്പുകളിൽ ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളാണ് സർക്കാർ നടത്തി വരുന്നത്. ഇതിന്റെ ഭാഗമായാണ് 2018 - 2019 കാലഘട്ടങ്ങളിൽ ഇതരസംസ്ഥാന തൊഴിലാളികളുടെ ക്യാമ്പുകളിൽ പരിശോധന നടത്തിയതിൽ 27 എൻ.ഡി.പി.എസ്. കേസുകളിലായി 31 പ്രതികളെ അറസ്റ്റ് ചെയ്യുകയും 5.060 കി.ഗ്രാം കഞ്ചാവ് കണ്ടെടുത്തിട്ടുള്ളതും, 1608 കോട്പാ കേസുകളിലായി 1492.480 കി.ഗ്രാം പുകയില ഉൽപ്പന്നങ്ങളും, 92 പായ്ക്കറ്റ് ഹാൻസും പിടികൂടിയിട്ടുള്ളതുമാണ്. |
| (സി) | ലഹരിയുടെ ഉറവിടം അന്വേഷിച്ച് കണ്ടെത്തുന്നതിനും അന്യസംസ്ഥാന തൊഴിലാളികളുടെ ക്യാമ്പുകളിൽ നിരന്തര നിരീക്ഷണം നടത്തി നിയമവിരുദ്ധ പ്രവർത്തനങ്ങൾ അവസാനിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ